**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 809** **17-09-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ സഹകരണ സംഘങ്ങളുടെ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ വഴി കാർഷികോല്പന്നങ്ങൾ ശേഖരിച്ച് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഭൗതിക സാഹചര്യങ്ങൾ ഉള്ള പ്രാഥമിക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ ഗ്രാമീണ ചന്തകൾ സ്ഥാപിക്കുകയും, നിലവിലുള്ളവയെ നവീകരിക്കുകയും ചെയ്യുന്നതിലൂടെ കർഷകർക്ക് നേരിട്ടുള്ള വിൽപ്പന സുഗമമാക്കുന്നതിനായി ഒരു വിപണന പ്ലാറ്റ്ഫോം ലഭ്യമാക്കുന്നു. ഗ്രാമീണ മാർക്കറ്റുകൾ വിപണി ലഭ്യത മെച്ചപ്പെടുത്തുകയും, കർഷകർക്ക് വില സാക്ഷാത്കാരം നൽകുകയും, കാർഷികോത്പന്നങ്ങൾ പാഴാക്കുന്നത് കുറയ്ക്കുകയും ചൂഷണത്തിൽ നിന്ന് കർഷകരെ മുക്തമാക്കുകയും ചെയ്യും. ഈ പദ്ധതിയിലൂടെ ഗ്രാമീൺ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനുള്ള ഉപഘടകം സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിക്കായുള്ള സഹകരണ സംരംഭം എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സഹകരണ മേഖലയിലെ കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനായ അങ്ങാടി കേരള ആപ്പ് വികസിപ്പിക്കുന്നതിന് സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള സഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2025-26 സാമ്പത്തിക വർഷത്തെ സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ധനസഹായം വകയിരുത്തിയിട്ടുണ്ട്. ഈ സൗകര്യം ഉപഭോക്താവ് നൽകുന്ന തുകയിൽ ഉൽപ്പാദകന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. |
| (ബി) | സഹകരണ സംഘങ്ങൾ വഴി നൽകുന്ന കാർഷിക വായ്പയിലെ കുടിശ്ശികയിൽ ഇളവ് നൽകുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | സഹകരണ മേഖലയിൽ കുടിശ്ശികയാകുന്ന വായ്പ്പകൾക്ക്, അർഹരായവർക്ക് സർക്കാരിന്റെ നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ |

| | | | |
|---|---|---|---|
| | | | തീർപ്പാക്കാൻ പദ്ധതി പ്രകാരമുള്ള വായ്പ്പാ കുടിശ്ശികയിൽ ഇളവുകൾ അനുവദിച്ചുവരുന്നു. ഇതിൽ കാർഷിക വായ്പകളും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ